ശ്രീമതി കെ. ആർ. ഗൗരി: റോഡും വീതി കൂട്ടേണ്ട കാര്യം ചോദിച്ചിട്ടു റോഡിന്റെ പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ കാര്യം മനസ്സിൽവച്ചുകൊണ്ടു റോഡിൽ താമസിക്കുന്നവരെപ്പറ്റിയാണു ചോദിച്ചതു. അതുകൊണ്ടു റോഡിൽ താമസമില്ല എന്നു പറഞ്ഞതാണു. റോഡു പുറമ്പോക്കുകൾ അങ്ങനെ എവിടെയൊക്കെയാണെന്നു കണക്കെടുപ്പിച്ചു അവരെ മാറ്റാൻ നോക്കാം.

ശ്രീ. തോമസ് ജോൺ: അങ്ങനെ റോഡു പുറമ്പോക്കിൽ താമസിക്കുന്നവരെ മാറ്റേണ്ടിവന്നാൽ അവരെ താമസിപ്പിക്കുന്നതിനു വേറെ സ്ഥലം എടുത്തു സഹകരണപ്പെടുത്തുന്നതിനു ഗവണ്മെന്റാലോചിക്കുന്നുണ്ടോ?

ശ്രീ. ടി. അബ്ദുൽ മജീദ്: അക്കാര്യമാണു ഇതുപോലെയും നേരമായി പറയുന്നതു.

ശ്രീ. തോമസ് ജോൺ: അങ്ങനെ ഒരു സ്കീം വേണമെന്നു തോന്നുന്നുണ്ടോ?

(ഉത്തരമില്ല)

സഹകാരിസംഘങ്ങളും അഗ്രികൾച്ചറൽ ഫാമിങ്ങും കോവാപ്പൊറേറ്റീവു സൊസൈറ്റികളും.

* 1690. [6] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

കാർഷികബന്ധബിൽ നിയമസഭയിൽ അവതരിപ്പിച്ചതിനുശേഷം നാളിതുവരെ എത്ര സഹകാരിസംഘങ്ങളും എത്ര അഗ്രികൾച്ചറൽ ഫാമിങ്ങും കോവാപ്പൊറേറ്റീവു സൊസൈറ്റികളും ഈ സംസ്ഥാനത്തു രജിസ്റ്റരാക്കിയിട്ടുണ്ടെന്നു പറയാമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

59 അഗ്രിക്കൾച്ചറൽ ഫാമിങ്ങു കോവാപ്പൊറേറ്റീവു സൊസൈറ്റികളും ഈ രാജ്യത്തു രജിസ്റ്റർ ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

യോഗീശ്വരസമുദായം.

* 1691. [7] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ യോഗീശ്വരൻ എന്ന സമുദായം ഉൾപ്പെട്ടുന്നുണ്ടോ;

(ബി) യോഗീശ്വരസമുദായക്കാർക്കു 1958-59-ലെ അദ്ധ്യയനവർഷം വരെയും വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവന്നിട്ടുണ്ടോ;

(സി) 1959-ൽ ആരംഭിക്കുന്ന അദ്ധ്യയന വർഷത്തിൽ ഫീസാനുകൂല്യത്തിനുവേണ്ടി താല്പര്യതഹശീൽദാരന്മാർ യോഗീശ്വരസമുദായക്കാർക്കു സർട്ടിഫിക്കറ്റു നൽകാൻ വിസമ്മതിക്കുന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) യോഗീശ്വരസമുദായക്കാർക്കു നിലവിലിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടുവാൻ ഉണ്ടായ കാരണമെന്തെന്നു ഗവണ്മെന്റു അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി : (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) ഇല്ല.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

മാനേജ്മെൻറ് സ്കൂളുകൾ ഉറക്കുന്നതല്ല എന്ന നിശ്ചയം.

* 1692. [8] ശ്രീ. തോമസ് ജാൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) എന്നത്തേക്ക് വിദ്യാലയങ്ങൾ ഉറക്കുവാനാണ് ഗവണ്മെൻറ് നിശ്ചയിച്ചിട്ടുള്ളത് ;

(ബി) ഈ സംസ്ഥാനത്തെ മാനേജ്മെൻറ് സ്കൂളുകൾ കേരളവിദ്യാഭ്യാസബിൽ നിയമം പിൻവലിക്കാതെ ഉറക്കുന്നതല്ല എന്നുള്ള പരാതി ഗവണ്മെൻറിനു് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഈ പരാതികളെ സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) 15-6-1959-ൽ
(ബി) ചില പരാതികൾ കിട്ടിയിട്ടുണ്ട്.
(സി) സ്കൂളുകളുടച്ചാൽ അപ്പോൾ ആവശ്യമായ നടപടികൾ എടുക്കും.

ശ്രീ. തോമസ് ജാൺ : കേരളഗവണ്മെൻറ് മാറാതെ ഈ സ്കൂളുകൾ ഉറക്കുന്നതല്ല എന്നു് മന്ത്രി പത്മനാഭൻ പ്രഖ്യാപിച്ചിട്ടുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതൊന്നും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. തോമസ് ജാൺ : ഇത്ര ഗംഭീരമായ ഒരു അജിറേഷൻ ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു പറഞ്ഞു. ഇപ്രകാരം ശ്രദ്ധിക്കാതിരിക്കുന്നതുകൊണ്ട് ഈ നാട്ടിൽ കുഴപ്പങ്ങൾ ഉണ്ടാകാൻ ഇടയാകുന്നു എന്നല്ലേ മനസ്സിലാക്കേണ്ടതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇതു സംബന്ധിച്ചു് യഥായോഗ്യം ശ്രദ്ധിച്ചുവരികയാണു്.

ശ്രീ. സി. എ. മാത്യു : 1-ാം നു സ്കൂളുകൾ ഉറക്കേണ്ടതു് 15-ാം നു യ്ക്കു് മാറാനുള്ള കാരണം എന്താണു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പല കാരണങ്ങളുമുണ്ടു്.

ശ്രീ. സി. എ. മാത്യു : പല കാരണങ്ങൾ എന്തെല്ലാമാണെന്നു് പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഡിപ്പാർട്ടുമെൻറലായിട്ടുള്ള കാരണങ്ങളാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഇപ്പോഴും 15-ാം നുയല്ല വീണ്ടും നീട്ടാൻ ഇടയുണ്ടു് എന്നു കേൾക്കുന്നതു ശരിയാണോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly